പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1042 **14-10-2026-ൽ മറുപടിയ്ക്ക്**

<u>വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും കാരണം തകർന്ന തീരദേശ റോഡുകൾ നവീകരിക്കാൻ നടപടി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റെജി ചെറിയാൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും കാരണം കുട്ടനാട്ടിലെ തീരദേശ റോഡുകൾ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> ഉണ്ട്.

(ബി) പ്രസ്തുത റോഡുകൾ തീരദേശറോഡ് നവീകരണ പദ്ധതി(യു.സി.ആർ.)യിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്ന എസ്റ്റിമേറ്റിന്റെയും, ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ (UCR) ഉൾപ്പെടുത്തി റോഡുകൾക്ക് ഭരണാനുമതി നൽകുന്നത്.

(സി) പ്രസ്തുത നവീകരണവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്ന എസ്റ്റിമേറ്റിന്റെയും, ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ (UCR) ഉൾപ്പെടുത്തി റോഡുകൾക്ക് ഭരണാനുമതി നൽകുന്നത്.

സെക്ഷൻ ഓഫീസർ